ഭരണഭാഷ മാതൃഭാഷ

# ചീഫ് പബ്ലിസിറ്റി ഓഫീസറുടെ കാര്യാലയം

അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം-695 003

Phone: 0471- 2315375 E-mail: cposcdd@gmail.com

No: CPOTVM/45/2024-A1 Date: 30-10-2024

ചീഫ് പബ്ലിസിറ്റി ഓഫീസർ
തിരുവനന്തപുരം

ഡയറക്ടർ
പട്ടികജാതി വികസന വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- പട്ടികജാതി വികസനം -ഡോ.ബി.ആർ.അംബേദ്ക്കർ മാധ്യമ അവാർഡ് 2024വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച് -

സൂചന:-

ഡോ.ബി.ആർ.അംബേദ്ക്കർ മാധ്യമ അവാർഡ് 2024ൻറ വിജ്ഞാപനം വകുപ്പിൻറ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. വിജ്ഞാപനം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**CHIEF PUBLICITY OFFICER**

## ഡോ.ബി.ആർ അംബേദ്ക്കർ മാധ്യമ അവാർഡ് 2024 അപേക്ഷ ക്ഷണിക്കുന്നു

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച മികച്ച റിപ്പോർട്ടിനുള്ള ഡോ.ബി.ആർ അംബേദ്ക്കർ മാധ്യമ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. പട്ടികജാതി വികസന വകുപ്പാണ് അവാർഡ് നൽകുന്നത്. അച്ചടി , ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. **2023** ആഗസ്റ്റ് **16** മുതൽ **2024** ആഗസ്റ്റ് **15** വരെയുള്ള കാലയളവിലെ റിപ്പോർട്ടുകളും പ്രോഗ്രാമുകളുമാണ് അവാർഡിന് പരിഗണിക്കുക.

**അച്ചടി വിഭാഗം:** അച്ചടി മാധ്യമ വിഭാഗത്തിൽ എൻട്രികൾ സമർപ്പിക്കുന്നവർ പ്രസിദ്ധീകരിച്ച വാർത്ത/ഫീച്ചർ/ പരമ്പര എന്നിവയുടെ **5** പകർപ്പുകൾ ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കണം. എൻട്രികൾ സമർപ്പിക്കുന്നവർ പേര് മേൽവിലാസം,അപേക്ഷകരുടെ ഫോട്ടോ, ഫോൺ നമ്പർ എന്നിവ സഹിതം അപേക്ഷ ലഭ്യമാക്കണം. .

**ദൃശ്യ വിഭാഗം:** ദൃശ്യ മാധ്യമങ്ങളിൽ നിന്നുള്ള എൻട്രികൾ ന്യൂസ് സ്റ്റോറിയോ കുറഞ്ഞത് അഞ്ച്

മിനിട്ടെങ്കിലും ദൈർഘ്യമുള്ള വാർത്താധിഷ്ഠിത പരിപാടിയോ ഡോക്യുമെൻററിയോ ആയിരിക്കണം. സി.ഡി/ഡി.വി.ഡി അല്ലങ്കിൽ പെൻഡ്രൈവിലോ ആകണം എൻട്രികൾ സമർപ്പിക്കേണ്ടത്. നിശ്ചിത ഫോർമാറ്റിലുള്ള എൻട്രികൾ (5 കോപ്പികൾ) , ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രം, എൻട്രിയെക്കുറിച്ചുള്ള ലഘുവിവരണം, അപേക്ഷകരുടെ പേര്,മേൽവിലാസം, ഫോട്ടോ, ഫോൺ നമ്പർ എന്നിവ സഹിതം ലഭ്യമാക്കണം.അവാർഡ് നിർണ്ണയത്തിൽ അവാർഡ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

**ശ്രവ്യ വിഭാഗം:** ശ്രവ്യ മാധ്യമങ്ങൾ സംപ്രേക്ഷണം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിക്കുന്ന എല്ലാവിധ പ്രോഗ്രാമുകളും അവാഡിന് പരിഗണിക്കും. പ്രോഗ്രാമിൻറ ലഘുവിവരണം, എൻട്രികൾ സിഡി/ഡിവിഡി അല്ലങ്കിൽ പെൻഡ്രൈവിലാക്കി (5 കോപ്പികൾ) പ്രക്ഷേപണം ചെയ്ത നിലയത്തിലെ പ്രോഗ്രാം ഡയറക്ടറുടെ സാക്ഷ്യപത്രം അപേക്ഷകരുടെ പേര,മേൽവിലാസം, ഫോട്ടോ, ഫോൺ നമ്പർ എന്നിവ സഹിതം 14/11/2023നകം. **ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി ഒ, തിരുവനന്തപുരം-3** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.അവാർഡ് നിർണ്ണയത്തിൽ അവാർഡ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും

ഫോൺ നം.**0471-2315375**

Signed by
John Ninan C
Date: 30-10-2024 11:50:19